ബാധിക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സാഹചര്യത്തിൽ വൈകല്യ ശതമാനത്തിൽ വർദ്ധനവ് വരുത്തിയുള്ള ഉത്തരവ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

14-1-2015-ലെ സ.ഉ.(കൈ) നമ്പർ 11/2015/പൊ.വി.വ. പ്രകാരം 50 ശതമാനമോ അതിനുമുകളിലോ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി പരീക്ഷയിൽ പ്രത്യേക പരിഗണന നൽകി ഉത്തരവായിരുന്നു. എന്നാൽ 6-3-2015-ലെ സ.ഉ. (കൈ) നമ്പർ 65/2015/പൊ.വി.വ. പ്രകാരം മേൽപ്പടി വൈകല്യത്തിന്റെ തോത് 40 ശതമാനമോ അതിലധികമോ ആയി കുറച്ചിട്ടുണ്ട്. ഹൈസ്കൂൾ, വി.എച്ച്.എസ്. ഇ. വിഭാഗങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. ആയതിനാൽ വിദ്യാർത്ഥികളെ ഈ വിഷയം പ്രതികൂലമായി ബാധിക്കുന്നില്ല. പ്രസ്തുത മാറ്റം മുഖേന കൂടുതൽ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുകയാണുണ്ടായത്.

സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

81 (1117) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സാമ്പത്തിക വർഷം ഒട്ടേറെ സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് ഹെഡ്മാസ്റ്റർ റൂമുകൾ, അഡീഷണൽ ക്ലാസ് റൂമുകൾ, പുതിയ സ്കൂൾ കെട്ടിടം, മേജർ റിപ്പയർ കോമ്പൗണ്ട് വാൾ, കുടിവെള്ള സൗകര്യം, ടോയ്ലറ്റുകളുടെ നിർമ്മാണം, ഡിസ് ഫങ്ഷണൽ ടോയ്ലറ്റുകളുടെ റിപ്പയറുകൾ, അഡാപ്റ്റഡ് ടോയ്ലറ്റുകൾ, ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റുകൾ തുടങ്ങിയവ നിർമ്മിച്ചിട്ടുണ്ട്. ആർ.എം.എസ്.എ. ഫണ്ടിൽനിന്നും സർക്കാർ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കായി കഴിഞ്ഞ അഞ്ച് വർഷവും സ്കൂൾ ഒന്നിന് 25,000 രൂപ വീതവും സ്കൂൾ ഗ്രാന്റായി 50,000 രൂപയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ പാഠ്യ പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. പുതിയ പാഠ്യ പദ്ധതി കലാപഠനത്തിനും കായികപഠനത്തിനും കൂടെ പ്രാധാന്യം നൽകിയിട്ടുണ്ട്. അദ്ധ്യാപകർക്കായി വിവിധ പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിനായുള്ള പരിശീലനവും നൽകിയിട്ടുണ്ട്. അക്കാദമിക് തല മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിലെ സ്കൂൾ വികസനപ്രവർത്തനങ്ങൾ

82 (1118) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ കൊട്ടാരക്കര, കുളക്കട, വെളിയം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെ പരിധിയിൽപ്പെടുന്ന സ്കൂളുകളിൽ 2014-15 സാമ്പത്തിക വർഷം അടിസ്ഥാനസൗകര്യ വികസനത്തിനും സ്കൂൾ വികസനത്തിനുമായി എത്ര തുക ലഭിച്ചിരുന്നു;

(ബി) പ്രസ്തുത തുകയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു ;

(സി) ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ സ്കൂൾ തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1,63,71,692 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) 12,48,525 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധം I-ലും II-ലുമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

കൊയിലാണ്ടി ഗവൺമെന്റ് ഹൈസ്കൂളിന് സി.എച്ച്. മുഹമ്മദ് കോയയുടെ നാമധേയത്തിൽ കെട്ടിടം

83 (1119) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി ഗവൺമെന്റ് ഹൈസ്കൂളിൽ മുൻ മുഖ്യമന്ത്രി സി.എച്ച്. മുഹമ്മദ്കോയയുടെ നാമധേയത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് ലഭിച്ചിട്ടുള്ള നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly